ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:01.03.2025**

## പ്രധാനവാർത്തകൾ

1) ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്ത് എത്തും. നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണ പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

2) സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിനും സ്ത്രീ മുന്നേറ്റം സാധ്യമാക്കുന്നതിനും വലിയ പ്രധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രിപിണറായി വിജയൻ.

3) കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്നതിന് സംസ്ഥാനത്തെ ആറ് മത്സ്യ ഗ്രാമങ്ങളിൽ കേന്ദ്രം പുതിയ പദ്ധതി നടപ്പിലാക്കുമെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ .

4) താമരശേരിയിൽ വിദ്യാർഥി സംഘർഷത്തിൽ പത്താം ക്ലാസുകാരൻ മരിച്ച സംഭവം അന്വേഷിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വി ശിവൻകുട്ടി.

5) രഞ്ജി ട്രോഫി ഫൈനലിൻറെ രണ്ടാം ഇന്നിംഗ്സിൽ കേരളത്തിനെതിരെ വിദർഭയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്-ജംഷഡ്പൂർ പോരാട്ടം.

PNU TVPM

*******************************************************

## പ്രധാനമന്ത്രി - NXT

ലോകത്തെ നിർമ്മാണ കേന്ദ്രമായി ഇന്ത്യ മാറിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ വളർച്ച ലോകം ആകാംക്ഷയോടെ നോക്കി കാണുന്നതായും ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന NXT കോൺക്ലേവിൽ പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. നൂതന സംരംഭങ്ങളുടെ കേന്ദ്രമായി ഇന്ത്യ മാറിയതായും ബഹിരാകാശ മേഖല, നിർമ്മിത ബുദ്ധി തുടങ്ങിയവയിലെ പ്രാവീണ്യം ലോക രാജ്യങ്ങളുമായി ഇന്ത്യ പങ്കുവയ്ക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി.

*******************************************************

## ഉപരാഷ്ട്രപതി - കേരളം

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്ത് എത്തും. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെൻററിൽ ഉച്ചക്ക് 12 മണിക്ക് നടക്കുന്ന നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണ പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ സന്നിഹിതനാകും.

RNU TVPM

*******************************************************

## മുഖ്യമന്ത്രി ഇൻട്രോ

സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിനും സ്ത്രീ മുന്നേറ്റം സാധ്യമാക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പാക്കിയ നാടാണ് കേരളമെന്ന് മുഖ്യമന്ത്രിപിണറായി വിജയൻ. കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാ ദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ

സമിതി പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യു. ഒന്നര നൂറ്റാണ്ടിന് മുമ്പുതന്നെ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ കേരളത്തിൽ ശക്തിപ്രാപിച്ചിരുന്നെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

*************************************************************

## വി ശിവൻകുട്ടി

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ പത്താം ക്ലാസുകാരൻ മരിച്ച സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വി ശിവൻകുട്ടി. പോലീസ് അന്വേഷണം നടത്തുന്നുണ്ടെന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു.

*************************************************************

## വിദ്യാർത്ഥിയുടെ മരണം

കോഴിക്കോട് പത്താം ക്ലാസ് വിദ്യാർഥി മരിച്ച സംഭവത്തിൽ അഞ്ച് വിദ്യാർഥികൾ ജുവനൈൽ ബോർഡിന് മുന്നിൽ ഹാജരായി. ഇന്നലെ ജുവനൈൽ ബോർഡിന് മുന്നിൽ ഹാജരാക്കിയ ഇവരെ പിന്നീട് വിട്ട് അയച്ചിരുന്നു. ഇന്ന് രക്ഷിതാക്കളോടൊപ്പം ഹാജരാകാനാണ് നിർദ്ദേശിച്ചിരുന്നത്. അതേസമയം, ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയായതായി പോലീസ് അറിയിച്ചു. വ്യാഴാഴ്ചയാണ് ട്യൂഷൻ സെൻററിലെ ഫെയർ വെൽ പരിപാടിയെചൊല്ലി വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടായത്. പരിക്കേറ്റ് ചികിത്സയിലായിരുന്ന പത്താം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് ഷഹബാസ് ഇന്ന് പുലർച്ചെയാണ് മരിച്ചത്.

RNUTVPM

*******************************************

## ജോർജ് കുര്യൻ

മത്സ്യബന്ധന മേഖലയ്ക്ക് വേണ്ടി കേന്ദ്ര സർക്കാർ വലിയ തുകയാണ് വിനിയോഗിക്കുന്നതെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം തലശ്ശേരി യിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂരിന് പുറമെ സംസ്ഥാനത്തെ എട്ട് തീരദേശ പ്രദേശത്താണ് പദ്ധതി നടപ്പാക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന പുതിയ പദ്ധതി സംസ്ഥാനത്തെ ആറ് മത്സ്യ ഗ്രാമങ്ങളിൽ നടപ്പിലാക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

RNU TVPM

*******************************************

## പാസ്പോർട്ട് - ഭേദഗതി

പാസ്പോർട്ട് നിയമങ്ങൾ ഭേദഗതി ചെയ്ത് കേന്ദ്ര സർക്കാർ. 2023 ഒക്ടോബർ ഒന്നിന് ശേഷം ജനിച്ചവർക്കുള്ള പാസ്പോർട്ടിനായി ജനന സർട്ടിഫിക്കേറ്റുകൾ മാത്രമേ രേഖയായി സ്വീകരിക്കുമെന്ന് ഭേദഗതിയിൽ വ്യക്തമാക്കുന്നു. 1980ലെ പാസ്പോർട്ട് നിയമങ്ങളിലാണ് മാറ്റം കൊണ്ടുവന്നത്. മറ്റ് അപേക്ഷകർക്ക് ഡ്രൈവിങ് ലൈസൻസ്, പാൻ കാർഡ് തുങ്ങിയ അംഗീകൃത രേഖ നൽകിയാൽ മതിയാകും.

*******************************************

## പോലീസ് കെട്ടിടങ്ങൾ ഉദ്ഘാടനം

കേരള പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികളുടെ

ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി നിർവഹിക്കും. പൊലീസ് മന്ദിരങ്ങളുടെയും പോലീസ് സേവനങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കുന്നതിനുള്ള പരാതിപരിഹാര സംവിധാനത്തിൻറെയും ഉദ്ഘാടനം ഇന്ന് നടക്കും.

*******************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

*******************************************************

## വാഹന രജിസ്ട്രേഷൻ

സംസ്ഥാനത്ത് വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇന്ന് മുതൽ ഡിജിറ്റലാക്കും. പരിവാഹൻ വെബ്സൈറ്റിൽ ഇതിനായി മാറ്റം വരുത്തി.

*******************************************************

## ആശാവർക്കർമാരുടെ സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 20-ാം ദിവസത്തിലേക്ക് കടന്നു. സമരത്തിന് പിന്തുണയുമായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സമരപന്തൽ സന്ദർശിച്ചു. ആശാവർക്കർമാരുടെ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മുഖ്യമന്ത്രി പിണറായി വിജയനുമായി സംസാരിക്കുമെന്നും കേന്ദ്ര സഹമന്ത്രി ഉറപ്പ് നൽകി. അതേസമയം സമരം ചെയ്യുവരെ പരിഹസിക്കുന്ന നടപടിയാണ് സംസ്ഥാന സർക്കാരിൻറെതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആരോപിച്ചു.

*******************************************************

RNU TVPM

## കാർബൺ -കണ്ണൂർ (ഇൻട്രോ)

കാർബൺ ആഗിരണത്തിൻറെയും പുറന്തള്ളലിൻറെയും തോത് കണക്കാക്കുന്നതിന് കണ്ണൂർ ജില്ലയിലെ രണ്ട് സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി തെരഞ്ഞെടുത്തു. ഈ സ്ഥാപനങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സർവെ ആംരഭിച്ചു. ജില്ലയിൽ 23 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നെറ്റ് സീറൊ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന പദ്ധതി നടപ്പിലാക്കുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

(വോയ്സ്)

*******************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

PRU TVPM

*******************************************************

## വേനൽ മഴ

സംസ്ഥാനത്ത് കനത്ത ചൂടിന് ആശ്വാസമായി വേനൽമഴ എത്തി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്ക്.

*******************************************************

## വയലറ്റ് വസന്തം-ഇടുക്കി (ഇൻട്രോ)

വയലറ്റ് വസന്തമൊരുക്കി മൂന്നാറിന്റെ തെരുവോരങ്ങളിൽ നീല വാക മരങ്ങൾ പൂവിട്ടു. മധ്യവേനലവധി ആഘോഷിക്കാനായി മൂന്നാറിലേക്ക് വരുന്ന സഞ്ചാരികൾക്ക് പാതയോരങ്ങളിൽ പൂത്തു നിൽക്കുന്ന വയലറ്റ് വസന്തത്തിന്റെ കാഴ്ച ഏറെ ഹൃദ്യമാണ്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

********************************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ഫൈനലിൻറെ രണ്ടാം ഇന്നിംഗ്സിൽ കേരളത്തിനെതിരെ വിദർഭയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. ഉച്ച ഭക്ഷണത്തിന് പിരിയുമ്പോൾ വിദർഭ 2 വിക്കറ്റ് നഷ്ടത്തിൽ 90 റൺസ് നേടിയിട്ടുണ്ട്. ഒന്നാം ഇന്നിംഗ്സിൽ വിദർഭയ്ക്ക് 37 റൺസിൻറെ ലീഡുണ്ടായിരുന്നു.

RNU TVPM

********************************************************

## ഐ എസ് എൽ

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- ജംഷഡ്പൂർ മത്സരം. രാത്രി 7.30 ന് കൊച്ചിയിലാണ് മത്സരം. മത്സരത്തിൻറെ പശ്ചാത്തലത്തിൽ കൊച്ചി മെട്രോയുടെ സർവ്വീസ് സമരം ദീർഘിപ്പിച്ചിട്ടുണ്ട്. വൈകുന്നേരം 5 മണിക്ക് മുംബൈയിൽ നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റി - മോഹൻ ബെഗാനെ നേരിടും.

********************************************************

## ഐ സി സി ചാമ്പ്യൻസ് ട്രോഫി

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ, ഇന്ന് ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

## റേഷൻ വിതരണം

ഫെബ്രുവരി മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച വരെ നീട്ടിയതായി മന്ത്രി ജി.ആർ.അനിൽ. ഈ മാസം 4-ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. ബുധനാഴ്ച മുതൽ ഈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

## എഴുത്തു പരീക്ഷ

കോഴിക്കോട് ആകാശവാണി വാർത്താ വിഭാഗത്തിൻ്റെ കാഷ്വൽ ന്യൂസ് റീഡർ കം ട്രാൻസലേറ്റർ പാനലിലേക്കുള്ള എഴുത്തു പരീക്ഷ നാളെ കോഴിക്കോട് നടക്കാവ് ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. രാവിലെ 9 മണി മുതൽ 12 മണി വരെയാണ് പരീക്ഷ. കാഷ്വൽ ന്യൂസ് എഡിറ്റർ പാനലിലേക്കുള്ള എഴുത്തു പരീക്ഷ ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും.

RNU TVPM

## കൊല്ലം പാർക്ക് മന്ത്രി റിയാസ്

വിനോദസഞ്ചാരമേഖലയിൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് പാലങ്ങൾക്ക് അടിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ നവീകരിച്ച് പാർക്കുകളാക്കുന്ന പദ്ധതിക്ക് കൊല്ലത്ത് ഇന്ന് തുടക്കമായി. എസ്.എൻ. കോളജിനു സമീപത്തെ മേൽപ്പാലത്തിന് താഴെയുള്ള സ്ഥലം നവീകരിച്ചാണ് ഈ പദ്ധതിക്ക് മന്ത്രി പി എ മുഹമ്മദ് റിയാസ് തുടക്കമിട്ടത്.